ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035
ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in
ഇ-മെയിൽ: dhskerala@gmail.com, dhskerala.hlth@kerala.gov.in

DHS/13360/2023-MC5 തീയതി: **22-11-2026**

സർക്കുലർ

വിഷയം: **Reg No. 91000** മുതലുള്ള വിദേശ മെഡിക്കൽ ബിരുദധാരികൾക്കു സ്വകാര്യ മെഡിക്കൽ കോളേജുകളിലെ ഒഴിവുകളിലേക്ക് ഇന്റേൺഷിപ്പിനു അനുമതി നൽകുന്നതിനായുള്ള **സ്പെഷ്യൽ കൗൺസിലിംഗ്** - തീയതി അറിയിക്കുന്നത് സംബന്ധിച്ച്.

പരാമർശം: **10/11/2026** തീയതിയിലെ ഇതേ നമ്പർ സർക്കുലർ

വിദേശ മെഡിക്കൽ ബിരുദധാരികളുടെ ഇന്റേൺഷിപ്പിനു അനുമതി നൽകുന്നതിനായി രജിസ്ട്രേഷൻ നമ്പർ **90686** മുതൽ **90999** വരെയുള്ളവർക്ക് **27/11/2026** തീയതിയിൽ ഒരു കൗൺസിലിംഗ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത വിവരം **DHS**-ന്റെ ഔദ്യോഗിക വെബ്സൈറ്റിൽ **DHS/13360/2023-MC5** നമ്പർ സർക്കുലർ തീയതി **10-11-2026** പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

17/10/2026 തീയതിയിൽ കൗൺസിലിംഗിൽ പങ്കെടുത്ത വിദ്യാർത്ഥികളാരും തന്നെ സ്വകാര്യ മെഡിക്കൽ കോളേജുകളിലെ ഒഴിവുകളിൽ ഇന്റേൺഷിപ്പ് ആവശ്യപ്പെട്ടിരുന്നില്ല. ആയതിനാൽ കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ നിന്നും പ്രൊവിഷണൽ രജിസ്ട്രേഷൻ ലഭ്യമായ **Reg No. 91000** മുതലുള്ള താല്പര്യമുള്ള വിദേശ മെഡിക്കൽ ബിരുദധാരികൾക്ക് സ്വകാര്യ മെഡിക്കൽ കോളേജുകളിലെ ഒഴിവുകളിലേക്ക് മാത്രമായി ഇന്റേൺഷിപ്പിനു അനുമതി നൽകുന്നതിനായി **05/12/2026** തീയതിയിൽ രാവിലെ **10.15** മുതൽ ഒരു സ്പെഷ്യൽ കൗൺസിലിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

കൗൺസിലിംഗ് നടക്കുന്ന സ്ഥലം: നാഷണൽ ഹെൽത്ത് മിഷൻ കോൺഫറൻസ് ഹാൾ, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് സമീപം, തിരുവനന്തപുരം.

ഇന്റേൺഷിപ്പ് ചെയ്യുന്നതിന് ഒഴിവുകളുള്ള സ്വകാര്യ മെഡിക്കൽ കോളേജുകളുടെ ലിസ്റ്റ് **DHS**-ന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പിന്നീട്

പ്രസിദ്ധീകരിക്കുന്നതാണ്. ആയത് പ്രകാരമുള്ള സ്വകാര്യ മെഡിക്കൽ കോളേജുകളിൽ ഇന്റേൺഷിപ്പ് ചെയ്യാൻ ആഗ്രഹിക്കുന്ന **Reg No. 91000** മുതലുള്ള വിദേശ മെഡിക്കൽ ബിരുദധാരികൾ മാത്രം ഈ കൗൺസിലിംഗിൽ പങ്കെടുത്താൽ മതിയാകും.

ബാക്കിയുള്ളവർക്ക് (*സർക്കാർ ആശുപത്രികളിലും സർക്കാർ മെഡിക്കൽ കോളേജുകളിലും ഇന്റേൺഷിപ്പ് ചെയ്യാൻ ആഗ്രഹിക്കുന്ന **Reg No. 91000** മുതലുള്ള വിദേശ മെഡിക്കൽ ബിരുദധാരികൾ*) രജിസ്ട്രേഷൻ നമ്പറിന്റെ അടിസ്ഥാനത്തിൽ തുടർന്നുവരുന്ന കൗൺസിലിംഗുകളിൽ പങ്കെടുക്കാവുന്നതാണ്.

സ്വകാര്യ മെഡിക്കൽ കോളേജുകളിലെ ഓപ്പൺ വേക്കൻസിയിൽ ഇന്റേൺഷിപ്പിനു അനുമതി ലഭിച്ച് **join** ചെയ്തിട്ടുള്ളവർ ഈ കൗൺസിലിംഗിൽ പങ്കെടുക്കേണ്ടതില്ല. കൗൺസിലിംഗ് നടത്തി ഇന്റേൺഷിപ്പിനുള്ള അനുമതി നൽകുവാൻ തീരുമാനിച്ചിട്ടുള്ളതിനാൽ നിലവിൽ ഈ ഓഫീസിൽ അപേക്ഷ സമർപ്പിച്ചു സ്വകാര്യ മെഡിക്കൽ കോളേജുകളിൽ ഇന്റേൺഷിപ്പിനുള്ള അനുമതിക്കായി കാത്തിരിക്കുന്നവരും കൗൺസിലിംഗിൽ പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

Digitally signed by
Sandeep K
Date: 22-11-2026
20:37:26

ADDITIONAL DIRECTOR OF HEALTH SERVICES

സ്വീകർത്താവ് : ബന്ധപ്പെട്ട വ്യക്തികൾക്ക് (**DHS** വെബ് സൈറ്റ് മുഖാന്തിരം)